I/6157927/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.സി2/56/2024-തസ്വഭവ,
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12-04-2024

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 1. സ.ഉ(സാധാ)നം.405/2024/ത.സ്വ.ഭ.വ തീയതി, 19.02.2024.
2. 20.03.2024 തീയതിയിലെ Cdn-1/14/2024/GAD നമ്പർ സർക്കുലർ.
3. 01.04.2024 തീയതിയിലെ 3-മത് എം.സി.സി സ്ക്രീനിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്.
4. 09.04.2024 തീയതിയിലെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ 437/KL-HP/2024/MCC/SS-II (Clearance) നമ്പർ കത്ത്.

**********************

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സൂചന (1) പ്രകാരം അനുമതി നൽകിയിരുന്നു.

2. 2024 ലെ ലോകസഭാ തെരഞ്ഞെടുപ്പിനുള്ള മാതൃകാ പെരുമാറ്റച്ചട്ടം കണക്കിലെടുത്ത്, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എം.സി.സി മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുകൾ അനുവദിക്കുന്നത് പരിഗണിക്കുന്നതിനായി സൂചന (3) തീരുമാനപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നിന്ന് ഒരു രാഷ്ട്രീയ നേട്ടവും ഉണ്ടാകില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർനടപടി സ്വീകരിക്കുന്നതിന് സൂചന (4) പ്രകാരം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

3. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശംപാലിച്ച്, കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്.

SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന).
എല്ലാ നഗരസഭകൾക്കും/മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (ഡയറക്ടർ (അർബൻ), തദ്ദേശ

സ്വയംഭരണ വകുപ്പ് മുഖേന)
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി.
റവന്യൂ (ഡിസാസ്റ്റർ മാനേജ്മെന്റ്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Resmi R S
Date: 12-04-2024 17:19:47

സെക്ഷൻ ഓഫീസർ

പകർപ്പ് :

തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്